# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2599 18.06.2018 ൽ മറുപടിക്ക്**

**ജൻഡർ ബഡ്ജറ്റിംഗ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.വി. കെ. സി. മമ്മത് കോയ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ ജൻഡർ ബഡ്ജറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ പദ്ധതി പ്രകാരം പബ്ലിക് ഓഫീസുകളിൽ സ്ത്രീ സൗഹൃദപരമായ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ; | ബി) സർക്കാർ ഓഫീസുകളിൽ സ്ത്രീകൾക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി, ജില്ല, താലൂക്ക്, വില്ലേജ് ഓഫീസുകളിൽ സ്ത്രീകൾക്കുള്ള ടോയിലറ്റ്, വിശ്രമ മുറി, കാത്തിരിപ്പ് കേന്ദ്രങ്ങൾ, തുടങ്ങിയവയാണ് പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്നത്. |
| സി) സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് വകുപ്പിലെ എൻജിനിയർമാർക്കും ആർക്കിടെക്റ്റുകൾക്കും പരിശീലനം നൽകിയിട്ടുണ്ടോ;വിശദാംശം നൽകുമോ; | സി) പൊതുമരാമത്ത് വകുപ്പിലെ എൻജിനിയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണം സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകിയിട്ടില്ല. നൽകുന്നതാണ്. |
| ഡി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് ഉപയോഗപ്രദമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | ഡി) യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദ സഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയിലറ്റ് സൗകര്യങ്ങളോട് കൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പ്രഥമമായ ഉദ്ദേശ്യ ലക്ഷ്യം. പൊതു ശൗചാലയങ്ങളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ശൗചാലയമാണ് വിഭാവനം ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ ആരോഗ്യ സംരക്ഷണവും, ടോയിലറ്റ് ലഭ്യതയും ഉറപ്പ് വരുത്തുക, ഉപയോക്താക്കളുടെ മനോഭാവത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കുക, പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുക, ശുചീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക, അനുബന്ധ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ